**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2501** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിദേശനിക്ഷേപ സംഗമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിൽ നടത്തിയ എല്ലാ നിക്ഷേപ സംഗമങ്ങളെയും സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തിന്റെ സമഗ്ര സാമ്പത്തിക വികസനവും നിക്ഷേപ വളർച്ചയും ലക്ഷ്യമാക്കി വിവിധ ദേശീയ-അന്താരാഷ്ട്ര തലങ്ങളിലായി കോൺക്ലേവുകളും സമ്മേളനങ്ങളും സംഘടിപ്പിച്ചിരുന്നു. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ കേന്ദ്രമായി ആഗോളതലത്തിൽ പ്രതിഷ്ഠിക്കുകയും, നിക്ഷേപകരുമായി നേരിട്ടുള്ള ഇടപെടലുകൾ ശക്തിപ്പെടുത്തുകയും, നയപരമായ സംവാദങ്ങൾക്ക് ഫലപ്രദമായ വേദി സൃഷ്ടിക്കുകയും ചെയ്തിരുന്നു. നിക്ഷേപ സാധ്യതകൾ പ്രചരിപ്പിക്കുക, നിക്ഷേപകരുടെ വിശ്വാസം വർധിപ്പിക്കുക, സംസ്ഥാനത്തിന്റെ ബ്രാൻഡ് മൂല്യം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടാണ് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത്.<br><br>വ്യവസായ വകുപ്പ് സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ന്റെ (ആഗോള നിക്ഷേപ സമ്മേളനം 2025). മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ മേഖലകളിൽ സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്. അവയിൽ റോബോട്ടിക്, വിഴിഞ്ഞം തുറമുഖ പദ്ധതി, സ്റ്റാർട്ടപ്പ്, ജനറേറ്റീവ് എ.ഐ.,മലബാർ മേഖലയുടെ വ്യവസായ വളർച്ച, എന്നീ പ്രധാന മേഖലകൾ ഉൾപ്പെടെ 40-ൽ പരം യോഗങ്ങളും സെക്ടർ അടിസ്ഥാനത്തിലുള്ള മീറ്റിംഗുകളും സംഘടിപ്പിച്ചു. റബ്ബർ, ആയുർവേദ, ഫാർമസ്യൂട്ടിക്കൽസ്, മാരിടൈം & ലോജിസ്റ്റിക്സ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, റീട്ടെയിൽ, വേസ്റ്റ് മാനേജ്മെന്റ്, റിന്യൂവബിൾ എനർജി, ബയോടെക്നോളജി തുടങ്ങിയ വ്യവസായ നയത്തിൽ സൺറൈസ് സെക്ടറായി രേഖപ്പെടുത്തിയിട്ടുള്ള പ്രത്യേക മേഖലകളിലും മീറ്റിംഗുകൾ നടത്തിയിരുന്നു.<br><br>കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം ആഗോളതലത്തിൽ അവതരിപ്പിക്കുകയും |

| | | | |
|---|---|---|---|
| | | | നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്യുന്നതിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) നേതൃത്വത്തിൽ 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടത്തിയ ആഗോള നിക്ഷേപ സംഗമത്തിലൂടെ സാധ്യമായിട്ടുണ്ട്.<br><br>പ്രസ്തുത ആഗോള നിക്ഷേപ സംഗമത്തിൽ ഓർക്ല, മാനേ, ഐ.ബി.എം., കാന്ദ ഷിപ്പിങ്, ഷറഫ് ഗ്രൂപ്പ്, എൻ.ആർ.ഡബ്ല്യൂ ഗ്ലോബൽ, ഇലാക്, ആമസോൺ വെബ് സർവീസ്സ്, എൽടോർക്ക്, സിസ്കോ, ഡി.പി. വേൾഡ്, ബ്ലാക്സ്റ്റോൺ തുടങ്ങി ഒട്ടനവധി വിദേശ കമ്പനികളുടെ പ്രതിനിധികളും പങ്കെടുത്തു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 25-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും 144 ആഗോള പ്രതിനിധികൾ ഉൾപ്പെടെ 4,350-ലധികം ഡെലിഗേറ്റുകളും വഴി ശ്രദ്ധേയമായ ദേശീയ, അന്തർദേശീയ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ചു, ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായ ഒരു നിക്ഷേപ കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തി.<br><br>ഈ നിക്ഷേപ സംഗമം വഴി ഏകദേശം 1.80 ലക്ഷം കോടി രൂപയുടെ 449-ഓളം ധാരണാപത്രങ്ങൾ ലഭിക്കുകയും, അവയിൽ Rs. 54908.22 കോടി നിക്ഷേപമുള്ള 115 പദ്ധതികൾ യഥാർത്ഥ നിക്ഷേപങ്ങളായി പരിവർത്തനം ചെയ്യാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.ഓരോ നിക്ഷേപ വാഗ്ദാനങ്ങളും വിശദമായ പരിശോധനയ്ക്ക് ശേഷമാണ് തുടർനടപടി സ്വീകരിക്കുന്നത്. |
| (ബി) | പ്രസ്തുത നിക്ഷേപ സംഗമങ്ങളിൽ പങ്കെടുത്ത വിദേശ കമ്പനികളെയും, സ്വദേശ കമ്പനികളെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | സംസ്ഥാനത്ത് മൂന്നുലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്താൻ തയ്യാറായി വന്ന് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി എന്ന് അദ്ദേഹം അവകാശപ്പെട്ട വിദേശ കമ്പനിയെ സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത കമ്പനിയുമായി എന്തെങ്കിലും ധാരണപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ